# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

എം.ബി.എ പ്രവേശനം-പൊതുനിർദ്ദേശങ്ങൾ - നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ എട്ട് വിഭാഗം

നം. 765/എസി എVIII/2/2016

തീയതി; പി.ഡി.ഹിൽസ്, 07/02/2017

---

പരാമർശം: (1) സർവ്വകലാശാല ഉത്തരവ് നം. 708/01/എസി എVIII/16 തീയതി 05.02.2016.

(2) പ്രവേശന മേൽനോട്ട സമിതിയുടെ 07.06.2016 ലെ നിർദ്ദേശം.

## <u>ഉത്തരവ്</u>

2016-17 അദ്ധ്യയന വർഷത്തിൽ എം.ബി.എ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചപ്പോൾ പൊരുത്തക്കേടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഒന്നാം സെമസ്റ്റർ പരീക്ഷ 25.01.2017 ൽ ആരംഭിക്കാനിരിക്കെ, വിശദമായ വിലയിരുത്തലുകൾക്ക് ശേഷം സമാന സാഹചര്യത്തിൽ മുൻവർഷത്തിൽ സർവ്വകലാശാല പുറപ്പെടുവിച്ച പരാമർശം (1) ലെ ഉത്തരവിന്റെ അന്ത:സത്ത ഉൾക്കൊണ്ട് ചുവടെ നൽകിയിട്ടുള്ള പൊതു നിർദ്ദേശങ്ങൾ ബഹു.വൈസ് ചാൻസലർ അംഗീകരിച്ച് 24.01.2017 ൽ ഉത്തരവായി.

നിർദ്ദേശങ്ങൾ:-

1. ജസ്റ്റിസ് ജയിംസ് കമ്മിറ്റി പ്രവേശനം നിഷേധിച്ച വിദ്യാർത്ഥികളെ ഒരു കാരണവശാലും പരീക്ഷയ്ക്ക് ഇരുത്തേണ്ടതില്ല.
2. എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത കോടതി ഉത്തരവ് ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
3. പരാമർശം (2) പ്രകാരം പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ട അവസാന തീയതി 30.07.2016 ആണ്. പ്രസ്തുത തീയതിക്കു ശേഷം പരീക്ഷ പാസായ വിദ്യാർത്ഥികളെ സമാനസാഹചര്യത്തിൽ മുൻവർഷം പരീക്ഷ എഴുതാൻ അനുവദിച്ചതുപോലെ ഈ വർഷവും പരിഗണിക്കാവുന്നതാണ്.
4. വരും വർഷങ്ങളിൽ എം.ബി.എ പ്രവേശന വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ബിരുദ/ബിരുദാനന്തര പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്ക് കൂടി പ്രവേശന പ്രക്രിയയിൽ പങ്കെടുക്കാവുന്ന തരത്തിൽ വിജ്ഞാപനം തയ്യാറാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
കോമളവല്ലി.കെ
ഡെപ്യൂട്ടി രജിസ്ട്രാർ I
(അക്കാദമിക വിഭാഗം ജോയിന്റ് രജിസ്ട്രാർക്കു വേണ്ടി)

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ പി.എസ്
2. പ്രൊവൈസ് ചാൻസിലറുടെ പി.എസ്.
3. രജിസ്ട്രാറുടെ പി.എ
4. കൺട്രോളർ ഓഫ് എക്സാമിനേഷന്റെ പി.എ
5. എസി.എ I/IV/Vസെക്ഷനുകൾ
6. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസി. രജിസ്ട്രാർ (പരീക്ഷ വിഭാഗം)
7. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസി. രജിസ്ട്രാർ (അക്കാദമിക വിഭാഗം)
8. എം.ബി.എ പരീക്ഷയുമായി ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകൾ
9. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (Uploading)
10. ഐ.ക്യു.എ.സി./പി.ആർ.ഒ
11. റെക്കോർഡ് സെക്ഷൻ
12. ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ